**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവര്‍ത്തന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാര്‍ലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവര്‍ത്തനങ്ങള്‍ക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകള്‍ സമയബന്ധിതമായി ചെലവഴിക്കുന്നതിനും ഇത്തരം ഫണ്ടുകള്‍ ലാപ്സാകാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവര്‍ത്തനങ്ങള്‍ക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകള്‍ സമയബന്ധിതമായി ചെലവഴിക്കുന്നതിന് കേന്ദ്ര/സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗ വിവരങ്ങള്‍ സംസ്ഥാനതലത്തില്‍ ബഹു. മുഖ്യമന്ത്രിയുടെയും വകുപ്പ മന്ത്രിയുടെയും അദ്ധ്യക്ഷതയില്‍ പ്രത്യേകമായി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയില്‍ മാസത്തിലൊരിക്കല്‍ വിവിധ വകുപ്പകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സര്‍ക്കാര്‍ നിഷ്കര്‍ഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിര്‍ദ്ദേശവും നല്‍കുന്നുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി വകുപ്പ് , ഡയറക്ടര്‍മാര്‍ എന്നിവരും മാസതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങള്‍ എല്ലാ മാസവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയില്‍ ജില്ലാതലത്തില്‍ ചേരുന്ന ജില്ലാവികസന സമിതിയോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥര്‍ ജില്ലകള്‍ തിരിച്ച് യഥാ സമയം പുരോഗതി വിലയിരുത്തുന്നുണ്ട്. പട്ടികജാതി പട്ടികവര്‍ഗ്ഗ വികസന വകുപ്പകള്‍ മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകള്‍ അതാത് വര്‍ഷം ചെലവഴിക്കാതെ വരുന്ന സാഹചര്യത്തില്‍ തുടര്‍ന്നുള്ള വര്‍ഷങ്ങളില്‍ ടി പ്രവര്‍ത്തികള്‍ സ്പില്‍ ഓവറായി ഏറ്റെടുത്ത് നിര്‍വ്വഹണം പൂര്‍ത്തീകരിക്കുന്നുണ്ട്. |

സെക്ഷന്‍ ഓഫീസര്‍